## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നം. 3969 | 18..10..2011 -ൽ<br>മറുപടിയ്ക്ക്. |

### കുഴൽമന്ദം റസിഡൻഷ്യൽ പോളിടെക്നിക്

| ചോദ്യം<br>ശ്രീ. എ. കെ. ബാലൻ | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കുഴൽമന്ദം റസിഡൻഷ്യൽ പോളിടെക്നിക്കിന്റെ പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പരിമിതികൾ പരിഹരിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചുവരുന്നു. |
| (ബി) കോളേജ് കെട്ടിടം, ഹോസ്റ്റൽ, വർക്ക്ഷോപ്പുകൾ എന്നിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (ബി) മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്കിനായി അനുവദിച്ചിട്ടുള്ള 5 ഏക്കർ ഭൂമിയിൽ 4 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. BSNL -ന്റെ സിവിൽ വിഭാഗത്തിനെയാണ് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഏൽപ്പിച്ചിട്ടുള്ളത്. രണ്ട് കെട്ടിടങ്ങളുടെ നിർമ്മാണമാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അവയുടെ അടിസ്ഥാനം (Basement) നിർമ്മിക്കുന്നത് സംബന്ധിച്ച ജോലി ഏകദേശം 85% പൂർത്തിയായിട്ടുണ്ട്. 2012 ജൂൺ മാസത്തിനകം കോളേജ് കെട്ടിടം, ലബോറട്ടറി, വർക്ക്ഷോപ്പ്, എന്നിവയുടെ നിർമ്മാണം പൂർത്തിയാകും. കോളേജ് ഹോസ്റ്റൽ നിർമ്മാണത്തിനായി 2011-12 വർഷത്തിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

- ...2

ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. AICTE -യുടെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നത്.

| | | | |
|---|---|---|---|
| (സി) | ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുകയും നിയമനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യ മാക്കുമോ ? | (സി) | ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുകയോ നിയമനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. കോളേജ് പ്രിൻസിപ്പലിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും മറ്റ് ജീവനക്കാരെ താൽക്കാലിക/ദിവസ വേതന അടിസ്ഥാനത്തിലുമാണ് നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ